# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പറക്കോട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ./പി12/914/21 23/1/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 23/01/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പറക്കോട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരിപത്രം സഹിതം)

**റീജണൽ ഡയറക്ടർ, കൊല്ലം**

നമ്പർ: കെ.എസ്.എ.പി.റ്റി.എ./പി12/914/21 23/1/22 തീയ്യതി: 23/01/2022

## പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2019 മുതൽ 31-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-09-2019 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 4 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ഹബീബ് മുഹമ്മദ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 13-12-2021 | 22-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-12-2021 | 22-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അനിൽകുമാർ റ്റി., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി സൂര്യപ്രഭ പി.സി.,അസ്സി.ഓഡിറ്റ് ഓഫീസർ
ശ്രീ. സുനിൽകുമാർ യു.എസ്., ഓഡിറ്റർ
ശ്രീ ഹരികുമാർ എസ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബീനാപ്രഭ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി ശ്രീലക്ഷ്മി ജി. | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ സുജിത്ത് ജി. | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 01-04-2019 | 09-06-2019 |
| ഡോ അനീഷ് പിള്ള | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 10-06-2019 | 20-09-2019 |
| ഡോ അനീഷ് പി ജോർജ്ജ് | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 21-09-2019 | 31-01-2020 |
| ഡോ സുജിത്ത് ജി. | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 01-02-2020 | 31-03-2020 |
| ശ്രീ വിജയൻപിള്ള | അസ്സി.എക്സി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി ശ്രീജ കുഞ്ഞമ്മ | അസ്സി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ മാത്യൂ വർഗ്ഗീസ് | ക്ഷീരവികസന ഓഫീസർ | 19-04-2019 | 03-10-2019 |
| ശ്രീ റോയ് അലക്സാണ്ടർ | ക്ഷീരവികസന ഓഫീസർ | 04-10-2019 | 31-03-2020 |
| ശ്രീ സുരേഷ് കെ.വി | കൃഷി അസ്സി.ഡയറക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി സുജ എസ്.ജെ | സി.ഡി.പി.ഒ അഡീഷണൽ | 01-04-2019 | 31-03-2020 |
| ശ്രീമതി റാണി പി.ജി. | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ പ്രവീൺപ്രകാശ് | വ്യവസായ വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി റാണി എസ് | ശിശുവികസന ഓഫീസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sunilkumar.U.S (Auditor, On 19-12-2021)<br>Last Updated By: Johncy John (Computer Assistant, On 18-01-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Sunilkumar.U.S (Auditor, On 19-12-2021)<br>Last Updated By: Johncy John (Computer Assistant, On 18-01-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Sunilkumar.U.S (Auditor, On 19-12-2021)<br>Last Updated By: Johncy John (Computer Assistant, On 18-01-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Sunilkumar.U.S (Auditor, On 19-12-2021)<br>Last Updated By: Johncy John (Computer Assistant, On 18-01-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sunilkumar.U.S (Auditor, On 19-12-2021)<br>Last Updated By: Johncy John (Computer Assistant, On 18-01-2022) | 1-5 |
| 6 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാന്വവൽ പാർട്ട് 1 അനുബന്ധം ബി)<br>Written By: Sunilkumar.U.S (Auditor, On 19-12-2021)<br>Last Updated By: Johncy John (Computer Assistant, On 18-01-2022) | 1-6 |
| 7 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sunilkumar.U.S (Auditor, On 19-12-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 23-01-2022) | 1-7 |
| 8 | ബ്ലോക്ക് പഞ്ചായത്ത് നിർമ്മാണം നടത്തുന്ന റോഡുകളുടെ വീതി സംബന്ധിച്ച് വ്യക്തതയില്ല<br>Written By: T Anilkumar (Audit Officer (HG), On 26-12-2021)<br>Last Updated By: Johncy John (Computer Assistant, On 18-01-2022) | 1-8 |
| 9 | അസി.എക്സി.എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണം - പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു<br>Written By: T Anilkumar (Audit Officer (HG), On 26-12-2021)<br>Last Updated By: Johncy John (Computer Assistant, On 18-01-2022) | 1-9 |
| 10 | മരാമത്ത് പ്രവൃത്തി യഥാസമയം പൂർത്തീകരിച്ചില്ല – പിഴ ഈടാക്കിയില്ല<br>Written By: T Anilkumar (Audit Officer (HG), On 26-12-2021)<br>Last Updated By: Johncy John (Computer Assistant, On 18-01-2022) | 1-10 |
| 11 | ഗ്രാമ പഞ്ചായത്തുകളുടെ അനുമതിയില്ലാതെ നിർമ്മാണപ്രവർത്തനങ്ങൾ നടപ്പിലാക്കി<br>Written By: T Anilkumar (Audit Officer (HG), On 26-12-2021)<br>Last Updated By: Johncy John (Computer Assistant, On 18-01-2022) | 1-11 |
| 12 | കാർഷിക വിപണന കേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ- നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Sunilkumar.U.S (Auditor, On 23-12-2021)<br>Last Updated By: Johncy John (Computer Assistant, On 18-01-2022) | 1-12 |

| | | |
|---|---|---|
| 13 | ക്ഷീരകർഷർക്ക് പാലിന് സബ്സിഡി - വിനിയോഗ സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിച്ചിട്ടില്ല<br>Written By: Sunilkumar.U.S (Auditor, On 23-12-2021)<br>Last Updated By: Johncy John (Computer Assistant, On 18-01-2022) | 1-13 |
| 14 | കാലിത്തീറ്റ സബ്സിഡി തുക അനുവദിച്ചതിലെ അപാകതകൾ<br>Written By: Sunilkumar.U.S (Auditor, On 23-12-2021)<br>Last Updated By: Johncy John (Computer Assistant, On 18-01-2022) | 1-14 |
| 15 | "കാട്ടുമൃഗങ്ങളിൽ നിന്ന് വിളകൾക്ക് സംരക്ഷണം"-വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി<br>Written By: Sunilkumar.U.S (Auditor, On 23-12-2021)<br>Last Updated By: Johncy John (Computer Assistant, On 18-01-2022) | 1-15 |
| 16 | സ്രോതസ്സിൽ നിന്ന് ആദായ നികുതി കുറവ് ചെയ്യാതെ കരാർ സ്ഥാപനത്തിന് തുക നൽകി<br>Written By: Suryaprabha P.C (Asst. Audit Officer, On 26-12-2021)<br>Last Updated By: Johncy John (Computer Assistant, On 18-01-2022) | 1-16 |
| 17 | സംയുക്ത പദ്ധതികൾ- ഗ്രാമപഞ്ചായത്തുകൾ വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 27-12-2021)<br>Last Updated By: Johncy John (Computer Assistant, On 18-01-2022) | 1-17 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sunilkumar.U.S (Auditor, On 19-12-2021)<br>Last Updated By: Johncy John (Computer Assistant, On 18-01-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sunilkumar.U.S (Auditor, On 19-12-2021)<br>Last Updated By: Johncy John (Computer Assistant, On 18-01-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sunilkumar.U.S (Auditor, On 19-12-2021)<br>Last Updated By: Johncy John (Computer Assistant, On 18-01-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sunilkumar.U.S (Auditor, On 19-12-2021)<br>Last Updated By: Johncy John (Computer Assistant, On 18-01-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Sunilkumar.U.S (Auditor, On 19-12-2021)<br>Last Updated By: Johncy John (Computer Assistant, On 18-01-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sunilkumar.U.S (Auditor, On 19-12-2021)<br>Last Updated By: Johncy John (Computer Assistant, On 18-01-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sunilkumar.U.S (Auditor, On 19-12-2021)<br>Last Updated By: Johncy John (Computer Assistant, On 18-01-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ ഈടാക്കിയ തുകയുടെ വിവരം | 4-8 |

| | | |
|---|---|---|
| | Written By: Sunilkumar.U.S (Auditor, On 20-12-2021)<br>Last Updated By: Johncy John (Computer Assistant, On 18-01-2022) | |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sunilkumar.U.S (Auditor, On 26-12-2021)<br>Last Updated By: Johncy John (Computer Assistant, On 18-01-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sunilkumar.U.S (Auditor, On 19-12-2021)<br>Last Updated By: Johncy John (Computer Assistant, On 18-01-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

ബ്ലോക്ക്പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് 22.02.2019-ലെ 1-ാംനമ്പർതീരുമാനപ്രകാരം അംഗീകരിച്ചു.

പ്രാരംഭബാക്കി ഉൾപ്പെടെ 32,92,30,691 രൂപ വരവും, 32,90,06,041 രൂപ ചെലവും, 2,24,650 രൂപ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന ബജറ്റാണ് അംഗീകരിച്ചിട്ടുള്ളത്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവു തുകകൾ യഥാക്രമം 8,69,02,096 രൂപയും 8,27,28,282 രൂപയുമാണ്. ബജറ്റും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവുചെലവും തമ്മിൽ ഗണ്യമായ അന്തരം നിലനിൽക്കുന്നു. ബജറ്റ് തയ്യാറാക്കുമ്പോൾ കൂടുതൽ പ്രായോഗിക സമീപനം സ്വീകരിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 30.04.2020 | ബാധകമല്ല | ബാധകമല്ല |

ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1. ഷെഡ്യൂൾ ബി3 : Reserves:- തൻവർഷം ലഭിച്ച ഗ്രാന്റുകളിൽ ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുകയ്ക്ക് ആനുപാതികമായ തുക കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്ക് മാറ്റി അക്കൗണ്ട് ചെയ്തിട്ടില്ല.

2. ഷെഡ്യൂൾ ബി4 : Grants & Contributions For Specific Purposes:- പ്രത്യേക ACR സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിച്ച് ഉറപ്പാക്കാൻ സാധിക്കുന്നില്ല.

3. ഷെഡ്യൂൾ ബി11 : Fixed Asset: 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുകയാണ് തൻവർഷവും രേഖപ്പെടുത്തിയിട്ടുള്ളത്.

4.ഷെഡ്യൂൾ ബി18: Loans,Advance&Deposit: ബ്ലോക്ക് പഞ്ചായത്തിന് വേണ്ടി വിവിധ പ്രവൃത്തികൾ ചെയ്യുന്നതിനായി സ്ഥാപനങ്ങൾക്ക് നൽകുന്ന മുൻകൂറുകൾ പ്രവൃത്തി പൂർത്തീകരിച്ച് യൂട്ടിലൈസേഷൻ ലഭിക്കുന്ന മുറയ്ക്ക് ആസ്തിയാക്കി മാറ്റി അഡ്വാൻസിൽ നിന്നും ഒഴിവാക്കുന്നില്ല.

5.ഷെഡ്യൂൾ B14 :- 31.03.2020-ലെ ക്ലോസിംഗ് സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 18514625 |
| വരവ് | 83514941 |
| ആകെ | 102029566 |
| ചെലവ് | 93403413 |
| നീക്കിയിരിപ്പ് | 8626153 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | വരവ് | ആകെ | ചെലവ് | ലാപ്സായ തുക | ട്രഷറി ക്യൂബിൽ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 52119000 | 52119000 | 40923147 | 4018672 | 7177181 |
| വികസന ഫണ്ട്-എസ്.സി.പി | 33556000 | 33556000 | 27021515 | 749103 | 5785382 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-ടി.എസ്.പി | 455000 | 455000 | 455000 | 0 | 0 |
| മെയിന്റനൻസ് ഫണ്ട്-നോൺ-റോഡ് | 6697000 | 6697000 | 4854441 | 429514 | 1413045 |

| *ഫണ്ടിനം* | *ഒ.ബി* | *വരവ്* | *ആകെ* | *ചെലവ്* | *നീക്കിയിരിപ്പ്* |
|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ് | 294648 | 0 | 294648 | 0 | 294648 |
| ശുചിത്വമിഷൻ | 364235 | 13373 | 377608 | 0 | 377608 |
| സംസ്ഥാനാവിഷ്കൃതഫണ്ടുകൾ | | | | | |
| സാക്ഷരത | 105174 | 3599 | 108773 | 0 | 108773 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 114 | 121002889 | 83 | 74689901 | - | 31 | 72.80 |

## 1-6 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)

രേഖകളും, രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ ചുവടെ ചേർക്കും പ്രകാരമുള്ള അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ബിൽ രജിസ്റ്റർ: അക്കൗണ്ടിംഗ് റൂൾ 31 പ്രകാരം അക്കൗണ്ടന്റ് ഓരോ പേയ്മെന്റിന്റെയും ബിൽ നമ്പർ, തീയതി, തുക മുതലായ വിവരങ്ങൾ ഒരു രജിസ്റ്ററിൽ ക്രമത്തിൽ എഴുതി സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് കാലയളവിൽ വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പേയ്മെന്റുകളുടെ വിവരം രേഖപ്പെടുത്തുന്നതിന് അക്കൗണ്ടന്റ് ഒരു ബിൽ രജിസ്റ്റർ സൂക്ഷിച്ചിരുന്നില്ല.

ട്രഷറി ബിൽ ബുക്ക്: ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ട്രഷറി ബിൽ ബുക്കിൽ ബിൽ റഫറൻസ് നമ്പർ മാത്രമാണ് രേഖപ്പെടുത്തുന്നത്. പ്രോജക്ടിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ ട്രഷറിയിൽനിന്നും പിൻവലിച്ചതായി കാണിച്ചിട്ടുള്ള തുകകൾ ഏത് പ്രോജക്ടിന്റെ ഭാഗമാണെന്ന് കൃത്യമായി മനസ്സിലാക്കുന്നതിന് ഇതിനാൽ സാധിക്കുന്നില്ല.

വൗച്ചറുകൾ: ധനപരമായ ഇടപാടുകളിൽ പ്രസിഡന്റ് രേഖാമൂലം ചുമതലപ്പെടുത്തിയതിനുശേഷമേ ചെക്ക്/ബിൽ എഴുതുവാൻ പാടുള്ളൂ. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ അക്കൌണ്ടുകളിൽനിന്നുള്ള പേയ്മെന്റ് വൌച്ചറുകൾ പ്രസിഡന്റ് കാണുകയോ, കൈയ്യൊപ്പിട്ട് ആധികാരികമാക്കുകയോ ചെയ്തിട്ടില്ല.

ആസ്തി രജിസ്റ്റർ : ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്ററിൽ 2018-19 വർഷം വരെയുള്ള വിവരങ്ങൾ മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്.

മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ : മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ കരാറുകാർക്ക് രേഖാമൂലം സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുള്ളതിന്റെ രേഖ, പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ സൂക്ഷിക്കുന്നില്ല. പ്രവൃത്തികളുടെ എം.ബുക്കുകളിൽ കരാറുകാർ അളവുകൾ സമ്മതിച്ച് കൈയ്യൊപ്പ് രേഖപ്പെടുത്തുന്നില്ല.

ടെണ്ടർ രജിസ്റ്റർ: ടെണ്ടർ രജിസ്റ്റർ നിശ്ചിത ഫോർമാറ്റിലുള്ള രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ, രേഖപ്പെടുത്തലുകൾ അസി.എഞ്ചിനീയർ/അസി.എക്സി.എഞ്ചിനീയർ ഇനിഷ്യൽ ചെയ്ത് ആധികാരികമാക്കുകയോ ചെയ്തിട്ടില്ല. ടെണ്ടർ ഓപ്പൺ ചെയ്യുമ്പോൾ സന്നിഹിതരായ കരാറുകാരിൽനിന്നും കൈയ്യൊപ്പ് വാങ്ങുന്നില്ല.

എഗ്രിമെന്റ് രജിസ്റ്റർ : എഗ്രിമെന്റ് രജിസ്റ്റർ നിശ്ചിത ഫോർമാറ്റിൽ എഴുതി സൂക്ഷിക്കുന്നില്ല. എഗ്രിമെന്റ് രജിസ്റ്ററിൽ ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അസി.എഞ്ചിനീയർ/അസി.എക്സി.എഞ്ചിനീയർ കൈയ്യൊപ്പ് ഇട്ട് ആധികാരികമാക്കിയിട്ടില്ല.

രസീത് ബുക്ക്: ഗുണഭോക്തൃവിഹിതം പിരിക്കുന്നതിനായി കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്തിൽനിന്നും രസീത് ബുക്ക് ഇഷ്യു ചെയ്യുന്നില്ല. കൃഷി അസി.ഡയറക്ടർ നടപ്പിലാക്കിയ പ്രോജക്ടിന് TR5 രസീത് ഉപയോഗിച്ചാണ് ഗുണഭോക്തൃവിഹിതം പിരിച്ച് ഒടുക്കിയിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്തിൽ പണം സ്വീകരിക്കുന്നതിനായി 2010-ൽ ഇഷ്യു ചെയ്ത രണ്ട് രസീതു ബുക്കുകളാണ് നിലവിൽ ഉപയോഗിച്ചുവരുന്നത്. ഇതിന്റെ സ്റ്റോക്ക് വിവരം സൂക്ഷിച്ചിട്ടില്ല.

മാസ്റ്റർ ഇൻകുംബൻസി രജിസ്റ്റർ: കൈമാറിക്കിട്ടിയ ആഫീസുകളിലേതുൾപ്പടെ ഗ്രാമപഞ്ചായത്തിലെ മൊത്തം ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും പേര്, ഉദ്യോഗപ്പേര്, മേൽവിലാസം, ടെലിഫോൺ നമ്പർ, പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച തീയതി ഉൾപ്പടെയുള്ള വിവരങ്ങൾ അടങ്ങിയ ഒരു ഇൻകുംബൻസി മാസ്റ്റർ രജിസ്റ്റർ സൂക്ഷിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിൽ ഇത്തരം ഒരു രജിസ്റ്റർ സൂക്ഷിച്ചിരുന്നില്ല.

മേൽ സൂചിപ്പിച്ച ന്യൂനതകൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ടവർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.09.2019-18.09.2019 | 04/18-08/19 | 06.02.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.09.2020-25.11.2020 | 04/19-03/20 | 19.01.2021 |

## 1-8 ബ്ലോക്ക് പഞ്ചായത്ത് നിർമ്മാണം നടത്തുന്ന റോഡുകളുടെ വീതി സംബന്ധിച്ച് വ്യക്തതയില്ല

പഞ്ചായത്ത് രാജ് നിയമ പ്രകാരം രണ്ട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതും, 8 മീറ്റർ വീതിയുള്ളതുമായ റോഡുകളുടെ നിർമ്മാണമാണ് ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതല. ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുന്ന റോഡുകളുടെ വീതിയെ സംബന്ധിച്ച് പി.എം.ജി.എസ്.വൈ. മാനദണ്ഡങ്ങൾ ബാധകമാക്കികൊണ്ട് 26.12.12-ൽ സർക്കാർ ഉത്തരവ് (26.12.12-ലെ ജി.ഒ.(എം.എസ്.) നം.344/12/തസ്വഭവ) പുറപ്പെടുവിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾ നിർമ്മിക്കുന്ന റോഡുകളുടെ കുറഞ്ഞ വീതി 6 മീറ്ററായി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് കാലയളവിൽ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയ റോഡ് നിർമ്മാണ പ്രോജക്ടുകളുടെ കാര്യത്തിൽ റോഡുകൾക്ക് കുറഞ്ഞത് 6 മീറ്റർ വീതി ഉണ്ടെന്ന് ഉറപ്പാക്കിയിട്ടില്ല. പ്രോജക്ട് ഫാറത്തിൽ റോഡ് ആസ്തിയുടെ യൂണീക് നമ്പർ ചേർക്കുകയോ, റോഡിന്റെ നീളം, വീതി തുടങ്ങിയ വിശദാംശങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് നടത്തിയ പരിശോധനയിൽ 6 മീറ്ററിൽ കുറവ് വീതിയുള്ള റോഡുകളും ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് വകയിരുത്തി പുനരുദ്ധാരണം നടത്തിയിട്ടുള്ളതായി കണ്ടു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | റോഡിന്റെ നീളം, വീതി |
|---|---|---|---|---|---|
| 1 | 45/20 | പടനിലത്തുപടി മാത്തൻവിളപ്പടി റോഡ് കൊടുമൺ | 600000 | 503667 | 850 മീ. നീളം 5 മീ. വീതി |
| 2 | 128/20 | കെ.ഐ.പി. കനാൽ ഷട്ടർ ജം. പള്ളത്തുവീയ് റോഡ് സെക്കന്റ് റീച്ച് | 500000 | 376028 | 300 മീ. നീളം 3.5 മീ. വീതി |

റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം (ഖ.7.13) ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല. കൂടുതൽ പ്രദേശങ്ങൾക്കും, കൂടുതൽ ജനങ്ങൾക്കും പ്രയോജനം ലഭിക്കുന്ന തരത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ മൊത്തം കണക്ടിവിറ്റി മെച്ചപ്പെടുത്തുന്നതിനായിരിക്കണം ഗതാഗത മേഖലയിൽ ബ്ലോക്ക് പഞ്ചായത്ത് പദ്ധതികൾ ആസൂത്രണ ചെയ്യാൻ. ഡിവിഷൻ അടിസ്ഥാനത്തിൽ ഫണ്ട് വീതം വെച്ച് ഒരു പഞ്ചായത്ത് പ്രദേശത്ത് മാത്രം ഒതുങ്ങിനിൽക്കുന്നതും, അപ്രധാനവുമായ വില്ലേജ് റോഡുകളുടെ നിർമ്മാണം ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുന്നത് അഭികാമ്യമല്ല. കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കി മുൻഗണനാ ക്രമത്തിൽ റോഡ് നിർമ്മാണ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് നടപടി സ്വീകരിക്കുന്നത് ഉചിതമായിരിക്കുമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-9 അസി.എക്സി.എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണം - പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു

അസി.എക്സി.എഞ്ചിനീയർ 2019-20, 2020-21 കാലയളവിൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ എല്ലാ പ്രവൃത്തികളുടെയും എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യപ്പെട്ടതായി കണ്ടു. പ്രവൃത്തി ടെണ്ടർ ചെയ്ത ശേഷം എസ്റ്റിമേറ്റ് പുതുക്കുന്നത് പ്രവൃത്തികളുടെ സമയബന്ധിതമായ നിർവ്വഹണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ശരിയായ രീതിയിലുള്ള ഇൻവെസ്റ്റിഗേഷനോ, സൈറ്റ് പരിശോധനയോ കൂടാതെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതുകൊണ്ടോ, അഥവാ പ്രവൃത്തി നടത്തുന്ന കരാറുകാർ സ്വേച്ഛാപരമായി പ്രവൃത്തികളുടെ അളവിലും, ഡിസൈനിലും മാറ്റം വരുത്തി പ്രവൃത്തി നിർവ്വഹിക്കുന്നതുകൊണ്ടോ ആണ് ഇപ്രകാരം എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യേണ്ടതായി വരുന്നതെന്നാണ് ഓഡിറ്റ് നടത്തിയ പരിശോധനയിൽ വ്യക്തമാകുന്നത്. ഉദാഹരണമായി റിവൈസ്ഡ് ടി.എസ്-ന് സമർപ്പിച്ച കലഞ്ഞൂർ ആയുർവേദാശുപത്രിയിൽ വൃദ്ധജനങ്ങൾക്ക് വെയിറ്റിംഗ് റൂം നിർമ്മിക്കുന്ന പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റ് പരിശോധിച്ച് ഗൗരവതരമായ അപാകതകളാണ് എക്സി.എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഒറിജിനൽ എസ്റ്റിമേറ്റിൽ 8 Column നൽകിയിരുന്നത് റിവൈസ്ഡ് എസ്റ്റിമേറ്റിൽ 6 Colomn ആണ് നൽകിയിട്ടുള്ളതെന്നും, കൂടാതെ Roof Beams-ന്റെ C/s അളവുകൾ കുറവ് വരുത്തിയതായും, പ്ലിന്ത് ബീമിന് പകരം പ്ലിന്ത് ബൽറ്റ് ആണ് നൽകിയിട്ടുള്ളതെന്നും ചൂണ്ടികാണിച്ചിരിക്കുന്നു. അംഗീകൃത പ്ലാനിൽനിന്നും വ്യത്യാസം വരുത്തിയിട്ടുള്ളതിനാൽ പുതുക്കിയ Architectural Drawings-ഉം, Structural Drawing-ഉം വരെ തയ്യാറാക്കി സമർപ്പിക്കേണ്ട സാഹചര്യമാണ് ഉണ്ടായിട്ടുള്ളത്. അസി.എക്സി.എഞ്ചിനീയർ ആവിഷ്കരിച്ച് നടപ്പിലാക്കിയ 100% പ്രവൃത്തികൾക്കും റിവൈസ്ഡ് എസ്റ്റിമേറ്റ് ആവശ്യമായി വന്നത് തികച്ചും അസാധാരണമാണ്. പ്രോജക്ട് നിർവ്വഹണം സങ്കീർണ്ണമാക്കുന്നതും, വൈകിപ്പിക്കുന്നതുമായ ഇത്തരം നടപടികൾ ഭാവിയിൽ ഒഴിവാക്കുന്നതിനുള്ള ജാഗ്രത ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 1-10 മരാമത്ത് പ്രവൃത്തി യഥാസമയം പൂർത്തീകരിച്ചില്ല – പിഴ ഈടാക്കിയില്ല

താഴെ പറയുന്ന പൊതുമരാമത്ത് പ്രവൃത്തി യഥാസമയം പൂർത്തീകരിച്ചിട്ടില്ല. എന്നാൽ കരാർ കാലയളവ് ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷ നൽകുകയോ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ച് കരാർ കാലയളവ് ദീർഘിപ്പിക്കുകയോ ചെയ്തിട്ടില്ല. PWD മാന്വൽ പാര.2112 പ്രകാരം ആദ്യ തവണ കാലാവധി ദീർഘിപ്പിക്കുന്നതിന് PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹1000 രൂ. പരമാവധി ₹50000 രൂ.) രണ്ടാം തവണ 2% നിരക്കിലും (കുറഞ്ഞത് ₹2000 രൂ., പരമാവധി ₹100000 രൂ.), പിഴ ഈടാക്കണം. പരമാവധി 50% വരെയുള്ള കാലദൈർഘ്യത്തിന് PAC-യുടെ 1+2=3% ഉം പിഴ ഈടാക്കേണ്ടതായിരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിവരം | കരാറുകാരന്റെ പേര് | പി.എ.സി. | പൂർത്തീകരണ കാലയളവ് | പ്രവൃത്തി പൂർത്തിയാക്കിയ തീയതി | ഈടാക്കേണ്ടിയിരുന്ന പിഴ (PAC-യുടെ 3%) |
|---|---|---|---|---|---|
| 110/20 – കലഞ്ഞൂർ ഗവ. ആയുർവേദ ആശുപത്രിയ്ക്ക് | ശ്രീ കെ. പ്രസാദ് | 1192172.27 | 6 മാസം | 26.07.19 | 35765 |

| | | | | | | |
|---|---|---|---|---|---|---|
| | വയോജന വിശ്രമ കേന്ദ്രം നിർമ്മാണം അടങ്കൽ - 1300000<br>കരാർ നം.23/AEE /LSGD/PKD /2018-19, 13.11.2018<br>എം.ബുക്ക് നം. 23/2018-19 & 23(ii)/18-19<br>ഫൈനൽ ബിൽ തുക- 692853<br>ബിൽ നം. 1/19-20 തീ., 29.08.19 | | | | | |

ടി പ്രവൃത്തിയുടെ കരാറുകാരിനിൽനിന്നും PWD മാന്വലിൽ അനുശാസിക്കും പ്രകാരം പിഴ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-11 ഗ്രാമ പഞ്ചായത്തുകളുടെ അനുമതിയില്ലാതെ നിർമ്മാണപ്രവർത്തനങ്ങൾ നടപ്പിലാക്കി

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തുകളുടെ ആസ്തിയിൽ ഉൾപ്പെട്ട 35 റോഡുകളുടെയും 12 കെട്ടിടങ്ങളുടെയും നിർമ്മാണ പ്രവൃത്തികൾ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രം വാങ്ങിയിരിക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശം ബ്ലോക്ക് പഞ്ചായത്ത് പാലിച്ചിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 കാർഷിക വിപണന കേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ-നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നം-16/19-20

| ബിൽ നം | തുക |
|---|---|
| 19050363014201030392/03/01/2020 | 175000 |
| 19050363014201030393/03/01/2020 | 175000 |
| 19050363014201030396/03/01/2020 | 187500 |
| 19050363014201177719/30/01/2020 | 171724 |

കാർഷിക വിപണന കേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി കൃഷി അസ്സി.ഡയറക്ടർ നിർവ്വഹണഉദ്യോഗസ്ഥനായി 2019-20 സാമ്പത്തികവർഷം വികസനഫണ്ടിൽ നിന്നും 710000 രൂപ വകയിരുത്തി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള കലഞ്ഞൂർ, ഏറത്ത്, പള്ളിക്കൽ, ഏഴംകുളം, കൊടുമൺ എന്നീ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന വിപണന കേന്ദ്രങ്ങൾക്ക് Tarpauline, Plastic Crate, Plastic Chair, Almirah, Acron Portable PA System With Wireless Mike And WB, Computer Desktop Acer, Printer Epson, UPS എന്നിവ വാങ്ങിയ ഇനത്തിൽ 709224 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിലുണ്ടായ അപാകത ചുവടെ ചേർക്കുന്നു.

കാർഷിക വിപണന കേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി അഗ്രോ ഇൻഡസ്ട്രീസ്

കോർപ്പറേഷനിൽ നിന്നും ടെൻഡർ കൂടാതെയാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ സ്വന്തമായി ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉപകരണങ്ങളും സാധനസാമഗ്രികളും മാത്രമെ ടെൻഡർ കൂടാതെ വാങ്ങാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് (സ.ഉ(സാ.ധാ.)നം.2881/2019/ത.സ്വ.ഭ.വ/18.12.2019) അനുമതി നൽകിയിട്ടുള്ളൂ. ആയതിന് വിരുദ്ധമായാണ് മേൽപ്പറഞ്ഞ സാധനങ്ങളും കംപ്യൂട്ടറുകളും വാങ്ങിയിട്ടുള്ളത്. കാർഷിക വിപണന കേന്ദ്രങ്ങളുമായി കരാർ ഉടമ്പടി ചമയ്ക്കാതെയാണ് സാധനങ്ങൾ കൈമാറിയിട്ടുള്ളത്. നിർവ്വഹണത്തിലെ അപാകതകളിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 ക്ഷീരകർഷർക്ക് പാലിന് സബ്സിഡി - വിനിയോഗ സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിച്ചിട്ടില്ല

| പ്രോ.നം. | വകയിരുത്തിയ തുക | ചെലവഴിച്ച തുക | | ബിൽ നം./തീയതി |
|---|---|---|---|---|
| 02/20 | 2500000 (വികസന ഫണ്ട്) | 1800000 | 700000 | BM01/19-20 തീ.:31.08.19 |
| | | | 48486 | BM02/19-20 തീ.:31.08.19 |
| | | | 765530 | BM03/19-20 തീ.:31.08.19 |
| | | | 200000 | അലോട്ട്മെന്റ് |

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ക്ഷീര കർഷകർക്ക് പാലിനു സബ്സിഡി നൽകുന്നതിന് ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് സംയുക്ത പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. പദ്ധതിയുടെ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 1800000രൂപ നാല് ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിച്ച നൽകിയിട്ടുണ്ട്.

| ക്രമ നം. | പഞ്ചായത്തിന്റെ പേര് | അനുവദിച്ച തുക |
|---|---|---|
| 1 | പള്ളിക്കൽ | 700000 |
| 2 | കടമ്പനാട് | 500000 |
| 3 | കൊടുമൺ | 400000 |
| 4 | ഏറത്ത് | 200000 |
| | ആകെ | 1800000 |

തുക പൂർണ്ണമായി ചെലവഴിച്ചത് സംബന്ധിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പഞ്ചായത്തുകളിൽ നിന്നും വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. അടിയന്തിരമായി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് വാങ്ങി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-14 കാലിത്തീറ്റ സബ്സിഡി തുക അനുവദിച്ചതിലെ അപാകതകൾ

| പ്രോ.നം. | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബിൽ നം./തീയതി |
|---|---|---|---|
| 03/20 | 5200000<br>(വികസന ഫണ്ട്- 2600000<br>ഗുണഭോക്താവ് നേരിട്ട്- 2600000 | 5200000<br>(വികസന ഫണ്ട്- 2600000<br>ഗുണഭോക്താവ് നേരിട്ട്- 2600000) | BC1/19-20 /21.01.20-381585<br>BC2/19-20 /29.02.20-317869<br>BC3/19-20 /29.02.20-278107<br>BC4/19-20 /07.03.20-416346<br>BC5/19-20 /07.03.20-92386<br>BC6/19-20 /07.03.20-582594<br>BC7/19-20 /06.03.20-119883 |

| | | | | |
|---|---|---|---|---|
| | | | | BC8/19-20 /26.03.20-38831<br>BC9/19-20 /26.03.20-43687<br>BC10/19-20 /26.03.20-45145<br>BC11/19-20 /26.03.20-21720<br>BC12/19-20 /27.03.20-231450<br>BC13/19-20 /27.03.20-30397 |

1. കാലിത്തീറ്റ സബ്സിഡിയായി ശ്രീമതി വൽസലയമ്മ, ശിവാലയം ,കൈതയ്ക്കൽ, പള്ളിയ്ക്കൽ, ശ്രീമതി സുജാത, മോഹനവിലാസം, ചെറുകുളഞ്ഞി,ആനയടി എന്നിവർക്ക് 07.03.20-ലെ BC4/19-20 നമ്പർ ബിൽ പ്രകാരം 10000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇരു സബ്സിഡി തുകകളും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിരിക്കുന്നത് ശ്രീമതി സുജാതയുടെ 67373054534-ാം നമ്പർ ബാങ്ക് അക്കൗണ്ടിലേക്കാണ്.

2. ശ്രീമതി ലീലാമണി കെ.റ്റി., അഞ്ജലി ഭവനം, കലഞ്ഞൂർ എന്നയാൾക്ക് കാലിത്തീറ്റ സബ്സിഡിയായി 10000 രൂപ അനുവദിച്ചിട്ടുണ്ട്. വെബ് സാംഖ്യയിൽ നിന്നുള്ള വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും ടിയാൾ 2019-20 വർഷം തന്നെ കൊല്ലം ജില്ലയിലെ കരവാളൂർ ഗ്രാമപഞ്ചായത്തിൽ നിന്നും പശു വളർത്തലിന് 35000 രൂപ സബ്സിഡി കൈപ്പറ്റിയതായി കാണുന്നു. കരവാളൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും ആനുകൂല്യം കൈപ്പറ്റിയ ആൾ അതേ വർഷം തന്നെ കലഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ഗുണഭോക്താവായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും കാലിത്തീറ്റ സബ്സിഡി കൈപ്പറ്റിയത് എപ്രകാരമാണെന്ന് വ്യക്തമല്ല.

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (7/22.12.21) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കൾക്ക് സബ്സിഡി തുക കൈമാറിയതിലെ അപാകതകൾ അടിയന്തിരമായി പരിഹരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-15 "കാട്ടുമൃഗങ്ങളിൽ നിന്ന് വിളകൾക്ക് സംരക്ഷണം"-വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി

വനിതകളുടെ തൊഴിലും വരുമാനവും സാമൂഹ്യപദവിയും വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന പദ്ധതികൾ ഏറ്റെടുക്കേണ്ട വനിതാഘടക പദ്ധതിയിലാണ് കൃഷി അസ്സി.ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥനായി 2019-20 സാമ്പത്തിക വർഷം നടപ്പാക്കിയ *"കാട്ടുമൃഗങ്ങളിൽ നിന്ന് വിള സംരക്ഷണം" എന്ന* പദ്ധതി ഉൾപ്പെടുത്തിയിട്ടുള്ളത്. വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനായുള്ള പദ്ധതി മാർഗ്ഗരേഖയിൽ ഈ ഘടക പദ്ധതിയിൽ ആവിഷ്കരിക്കേണ്ട പദ്ധതികൾ സംബന്ധിച്ച് പൊതുമാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായാണ് കാർഷിക മേഖലയിൽ നടപ്പാക്കിയ ഈ പ്രോജക്ട് വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയത്. പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതിനായി മാത്രം മേഖല അടിസ്ഥാനത്തിലുള്ള വിഭജനത്തെ സമീപിക്കുന്നതിനാലാണ് ഇത്തരം അപാകതകൾ ഉണ്ടാകുന്നത്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. മേഖല അടിസ്ഥാനത്തിലുള്ള വകയിരുത്തലുകൾ അതാത് മേഖലകളുമായി ബന്ധപ്പെട്ടതാണെന്ന് ഉറപ്പുവരുത്തുന്നതിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-16 സ്രോതസ്സിൽ നിന്ന് ആദായ നികുതി കുറവ് ചെയ്യാതെ കരാർ സ്ഥാപനത്തിന് തുക നൽകി

ചുവടെ ചേർക്കുന്ന പ്രോജക്ട് പ്രകാരമുള്ള തുക കരാർ സ്ഥാപനമായ കേരള ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിന് നൽകിയപ്പോൾ ഇൻകംടാക്സ് ആക്ട് സെക്ഷൻ 194 സി അനുസരിച്ച് 2% നിരക്കിൽ സ്രോതസ്സിൽ നിന്നും

ആദായ നികുതി കുറവ് ചെയ്തതായി കാണുന്നില്ല. PAN സംബന്ധിച്ച രേഖകൾ ഹാജരാക്കാത്തവരിൽ നിന്നും റ്റി.ഡി.എസ്. ഈടാക്കേണ്ടത് കരാർ തുകയുടെ 20% നിരക്കിലാണ്. ഇപ്രകാരം റ്റി.ഡി.എസ്. ഈടാക്കാത്തത് മൂലം കരാർ സ്ഥാപനത്തിന് അധികം തുക നൽകാനിടയായി. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിശദാംശം | കരാർ സ്ഥാപനം | കരാർ തുക | റ്റി.ഡി.എസ് (2% നിരക്കിൽ) | റ്റി.ഡി.എസ്(20% നിരക്കിൽ, PAN ഹാജരാക്കാത്ത പക്ഷം) |
|---|---|---|---|---|
| കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഓഫീസ് മോഡേണൈസേഷൻ, 95/20, 131/2020 | കേരള ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് | 3114889 | 62297 | 622970 |

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (4/16.12.2021) ലഭ്യമാക്കിയ മറുപടിയിൽ ഈ വ്യവസ്ഥയെപ്പറ്റി അറിവില്ലാത്തതിനാലാണ് സ്രോതസ്സിൽ നിന്നും തുക കുറവ് ചെയ്യാതിരുന്നത് എന്നാണ് അറിയിച്ചിരിക്കുന്നത്. ടി സ്ഥാപനത്തിൽ നിന്നും PAN സംബന്ധിച്ച രേഖകൾ വാങ്ങേണ്ടതും റ്റി.ഡി.എസ്. ഈടാക്കാതെ അധികമായി സ്ഥാപനത്തിന് നൽകിയ തുക തിരികെ ഈടാക്കിയശേഷം സർക്കാരിലേയ്ക്ക് ഒടുക്കി ആയതിന്റെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-17 സംയുക്ത പദ്ധതികൾ- ഗ്രാമപഞ്ചായത്തുകൾ വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വാർഷിക പദ്ധതിയുടെ ഭാഗമായി സംയുക്ത പദ്ധതികൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൈമാറിയിട്ടുണ്ട്. കൈമാറിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കത്തയച്ചിട്ടുണ്ടെങ്കിലും ചുവടെ ചേർക്കുന്ന ഗ്രാമപഞ്ചായത്തുകൾ ആയത് നാളിതുവരെ നൽകിയിട്ടില്ല. സംയുക്ത പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച 23.01.2017-ലെ ജി.ഒ.(പി) നം.07/2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് അനുസരിച്ച് നിർവ്വഹണം നടത്തിയ തദ്ദേശ സ്വയം ഭരണ സ്ഥാപനം വിനിയോഗിക്കാൻ അവശേഷിക്കുന്ന തുക വിഹിതം നൽകിയ സ്ഥാപനത്തിന് ഫെബ്രുവരി 28 നകം തിരികെ നൽകേണ്ടിയിരുന്നു. കൂടാതെ മാർച്ച് 31 ന് ഈയിനത്തിൽ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരികെ അടയ്ക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്ത് | പ്രോജക്ട് | നൽകിയ തുക |
|---|---|---|
| കലഞ്ഞൂർ | അങ്കണവാടി കെട്ടിടത്തിന് ബ്ലോക്ക് വിഹിതം(വാർഡ് 23) 138/2020 | 700000 |
| കൊടുമൺ | ലൈഫ് പദ്ധതി(ജനറൽ), 4/2020 | 669767 |
| കടമ്പനാട് | ലൈഫ് പദ്ധതി(ജനറൽ), 4/2020 | 1250000 |
| ഏനാദിമംഗലം | ലൈഫ് പദ്ധതി(എസ്.സി.പി), 6/2020 | 1000000 |
| കൊടുമൺ | ലൈഫ് പദ്ധതി(എസ്.സി.പി), 6/2020 | 800000 |
| കടമ്പനാട് | ലൈഫ് പദ്ധതി(എസ്.സി.പി), 6/2020 | 700000 |
| ആകെ | | 5119767 |

വിനിയോഗസാക്ഷ്യപത്രം വാങ്ങുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ചെലവഴിക്കാതെ ശേഷിക്കുന്ന തുക ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നിന്നും തിരികെ ലഭ്യമാക്കി 12/04/2006-ലെ ജി.ഒ(പി)177/ധന ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേയ്ക്ക് തിരിച്ചടവ് നടത്തിയശേഷം വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ കേരള സംസ്ഥാന വൈദ്യുതി ബോർഡിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (83/20) | 21900708/ 12.12.19 | 713912/- | 713912- | - |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

### 4-5 സ്ഥിര നിക്ഷേപം

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

### 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ളതും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം

23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതുമായ ഖണ്ഡികകളിൽ, തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2003-04 | 2-8. | 2007-08 | പാറക്കുഴി - പറമ്പിക്കുഴി എലാ ബണ്ട് നിർമ്മാണം പൂർത്തിയാക്കാത്തത് സംബന്ധിച്ച്. | പരാമർശം നിലനിൽക്കുന്നു. |
| 2006-07 | 2-1 | 2009-10 | വനിതാക്ഷേമം (ജനറൽ, എസ് സി പി) പദ്ധതി ലക്ഷ്യത്തിൽ മാറ്റം വരുത്തി നടപ്പിലാക്കി | പരാമർശം നിലനിൽക്കുന്നു. |
| | 2-2 | | വനിതാക്ഷേമം- തയ്യൽ മെഷീൻ വിതരണം ചെയ്യാത്തത് സംബന്ധിച്ച് | പരാമർശം നിലനിൽക്കുന്നു. |
| | 2-6 | | വൃദ്ധർ വികലാംഗക്ഷേമം പദ്ധതി നടത്തിപ്പിലെ അപാകതകൾ | പരാമർശം നിലനിൽക്കുന്നു. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ ഈടാക്കിയ തുകയുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 102029566 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 93403413 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 2003-04 | എൽ.എഫ്.പി.റ്റി.എ – പി6/940/06, തീയതി 09-07-07 | 2 ഖണ്ഡികകൾ |
| 2004-05 | എൽ.എഫ്.പി.റ്റി.എ – പി6/ 877/06, തീയതി 06-12-07 | 9 ഖണ്ഡികകൾ (3-6, 3-10, 3-11, 3-12, 3-17, 3-18, 3-21, 3-23, 3-24) |
| 2005-06 | എൽ.എഫ്.പി.റ്റി.എ – പി6/ 878/06, തീയതി 11-12-07 | 10 ഖണ്ഡികകൾ |
| 2006-07 | എൽ.എഫ്.പി.റ്റി.എ – പി6/561/08, തീയതി 13-03-09 | ഖണ്ഡിക 2-13 |
| 2008-09 | എൽ.എഫ്.പി.റ്റി.എ – പി2/29/11, തീയതി 11-05-11 / 11-07-11 | 7 ഖണ്ഡികകൾ |
| 2009-10 | എൽ.എഫ്.പി.റ്റി.എ – പി2/ 30/11, തീയതി 10-10-11/16-03-12 | 3 ഖണ്ഡികകൾ |
| 2010-11 & 2011-12 | എൽ.എഫ്.പി.റ്റി.എ – പി2/236/13, തീയതി 30-11-13 /13-12-13 | 13 ഖണ്ഡികകൾ |
| 2012-13 | എൽ.എഫ്.പി.റ്റി.എ – പി2/ 226/14, തീയതി 09-05-14 | 9 ഖണ്ഡികകൾ |
| 2013-14 | എൽ.എഫ്.പി.റ്റി.എ – പി2/ 256/15, തീയതി 13-07-15 | 4 ഖണ്ഡികകൾ (2-1, 3-8, 3-10, 3-14) |
| 2014-15 | കെ എസ് എ പി.റ്റി.എ – പി2/1012/16, തീയതി 07-09-16 | 7 ഖണ്ഡികകൾ (2-1, 3-3, 3-4, 3-5, 3-6, 3-7, 3-8) |
| 2015-16 | കെ എസ് എ പി.റ്റി.എ – പി13/215/17, തീയതി 15-04-17 | 5 ഖണ്ഡികകൾ (2-1, 3-3, 3-4, 3-7, 3-13) |
| 2016-17 | കെ എസ് എ പി.റ്റി.എ – പി12/1303/17, തീയതി 07-12-17 | 11 ഖണ്ഡികകൾ (2-1, 3-1, 3-2, 3-6, 3-19, 3-20, 3-23, 3-24, 3-25, 3-26, 3-27) |
| 2017-18 | കെ.എസ്സ്.എ.പി.റ്റി.എ.പി12/322/19 തീയതി 10.05.2019 | 8 ഖണ്ഡികകൾ (2-1, 3-1, 3-2, 3-4, 3-5, 3-6, 3-10, 3-12) |
| 2018-19 | കെ.എസ്സ്.എ.പി.റ്റി.എ.പി12/862/19 | 6 ഖണ്ഡികകൾ |

| | | | |
|---|---|---|---|
| | | തീയതി 11.10.2019 | (1-12, 1-13, 1-16, 1-17, 1-18, 1-19) |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്